ॐ

ഭഗവാൻ പിതാമഹം വിക്ഷ്യ വിഭൂതീരാത്മനോ വിഭു:
സംയോജ്യാത്മനി ചാത്മാനം പത്മനേത്ര ന്യമീലയത് (11-31-5)
ലോകാഭിരാമം സ്വതനും ധാരണാധ്യാനമംഗളം
യോഗധാരണയാ*ff*ഗ്നേയ്യാ*f*ദഗ്ദ്ധാ ധാമാവിശത് സ്വകം (11-31-6)
തഥാപ്യശേഷസ്ഥിതിസംഭവാപ്യയേ
ഷ്വനന്യഹേതുര്യദശേഷശക്തിധൃക്
നൈച്ഛത് പ്രണേതും വപുരത്ര ശേഷിതം
മർത്ത്യേന കിം സ്വസ്ഥഗതിം പ്രദർശയൻ (11-31-13)

ശുകമുനി തുടർന്നു:

സൃഷ്ടികർത്താവായ ബ്രഹ്മാവിന്റെ നേതൃത്വത്തിൽ ദേവൻമാരും, യക്ഷകിന്നരഗന്ധർവ്വാദികളും, മാമുനിമാരും ഭഗവാന്റെ സ്വധാമാരോഹണദൃശ്യം കാണാൻ പ്രഭാസത്തിലെത്തി. പുഷ്പവൃഷ്ടികൊണ്ടവർ ഭഗവാനെ പൂജിച്ചു. ഭഗവാൻ ബ്രഹ്മാവിനെ നോക്കി തന്റെ ജീവനെ പരമാത്മാവിൽ ലയിപ്പിച്ച് കണ്ണുകളടച്ചു. യോഗമാർഗ്ഗത്തിലൂടെ -അഗ്നിധാരണം- ഭഗവാൻ, അനേക ഹൃദയങ്ങളെ സമാകർഷിച്ചതും ഏതൊന്നിനെ ധ്യാനിച്ചാൽ ഭക്തർക്ക് ഐശ്വര്യങ്ങളുണ്ടാവുമോ ആ ശരീരം എരിയാതെതന്നെ (യോഗാഗ്നിയിൽ ശരീരം എരിച്ചു എന്നും അർത്ഥമാവാം) സ്വധാമത്തേക്ക് മടങ്ങിപ്പോയി. ചിലർക്ക് ഈ ദൃശ്യം ഗോചരമായി. മറ്റുള്ളവർക്ക് അതിനുള്ള ഭാഗ്യമുണ്ടായതുമില്ല. ദേവൻമാർ അവരവരുടെ ഗോളങ്ങളിലേക്ക് മടങ്ങി.

പരീക്ഷിത്തേ! ഇതെല്ലാം ഭഗവാന്റെ വെറും ലീലാവിലാസങ്ങൾ മാത്രം. അദ്ദേഹം സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നടത്തുന്നു. സ്വയം മനുഷ്യവേഷമണിഞ്ഞ് ദിവ്യലീലയാടി തന്റെ ഭാഗം അഭിനയിച്ചു തീർത്തു. സ്വയം തന്റെ മഹിമാവിലാസത്തിൽ സ്ഥിതനെങ്കിലും ഈ ദിവ്യനാടകം കളിക്കുന്നതിലൂടെ ഭഗവാൻ സ്വയം താഴുന്നില്ല. ''ഭഗവാൻ സർവ്വശക്തിമാനെങ്കിലും, മറ്റാരുടെയും സഹായമില്ലാതെ സൃഷ്ടിസ്ഥിതി സംഹാരങ്ങൾ നടത്താൻ കഴിവുണ്ടെങ്കിലും, അദ്ദേഹം തന്റെ ശരീരത്തെ സംരക്ഷിച്ചു വയ്ക്കാൻ ആഗ്രഹിച്ചില്ല. നശ്വരമായ ഈ ശരീരം എന്നെന്നേക്കുമായി സംരക്ഷിക്കാനർഹമല്ലെന്ന വസ്തുത മനുഷ്യർക്ക് മനസ്സിലാക്കാൻ വേണ്ടിയാണ് ഭഗവാൻ അതു ചെയ്യാതിരുന്നത്''. ആരൊരുവൻ പ്രഭാതകാലത്ത് ഭഗവാന്റെ സ്വധാമാരോഹണകഥ ചൊല്ലുന്നുവോ അയാൾക്ക് ഭഗവാന്റെ സവിധത്തിലേക്കുയർന്നു പോവാൻ കഴിയും. ദാരുകൻ കൃഷ്ണന്റെ ബന്ധുമിത്രാദികളോട് സംഭവമെല്ലാം വിവരിച്ചു. ഭഗവാന്റെ (ഭൂമിയിലെ) മാതാപിതാക്കൾ തത്ക്ഷണം ജീവനുപേക്ഷിച്ചു. സ്ത്രീകൾ തങ്ങളുടെ വീരരായ ഭർത്താക്കൻമാരുടെ ചിതയിൽക്കയറി ജിവനൊടുക്കി. ബലരാമന്റെ ഭാര്യമാർ അദ്ദേഹത്തെ ആലിംഗനം ചെയ്ത് ചിതയിൽക്കിടന്ന് ജീവനുപേക്ഷിച്ചു. കൃഷ്ണന്റെ പത്നിമാരും ഭഗവാനെ ധ്യാനിച്ച് തങ്ങളുടെ ശരീരത്തെ ഉപേക്ഷിച്ചു.

ഹൃദയവ്യഥയോടെ, കൃഷ്ണവിരഹം സഹിക്കാതെയെങ്കിലും, ഭഗവദ്ഗീതയിലെ ശിക്ഷണത്തെ ഓർത്ത് അർജുനൻ സ്വയം സമാധാനിച്ചു. അദ്ദേഹം ഇന്ദ്രപ്രസ്ഥത്തിൽ നിന്നും മടങ്ങി. കൂട്ടക്കൊലയിലൊടുങ്ങിയവരുടെ സ്ത്രീകൾക്കും ബന്ധുജനങ്ങൾക്കും രക്ഷകനായിപ്പോയി. അദ്ദേഹം അനിരുദ്ധന്റെ മകനായ വജ്രനെ കിരീടധാരണം ചെയ്യിച്ചു. അതിനുശേഷം പാണ്ഡവർ ഹിമാലയത്തിലേക്കു പോയപ്പോഴാണല്ലോ, പരീക്ഷിത്തേ നിങ്ങളെ രാജാവാക്കി വാഴിച്ചത്. ഭഗവാൻ കൃഷ്ണനെക്കുറിച്ചുള്ള ഈ ശുഭോദർക്കമായ കഥ കേൾക്കുന്ന ഏവനും ഭഗവാനിൽ പരമഭക്തിയുണ്ടാവുന്നതാണ്.

''ദഗ്ദ്ധാ' എന്ന വാക്കിൽ കൃഷ്ണൻ സ്വയം യോഗാഗ്നിയിൽ ശരീരമെരിച്ചു എന്നു വരുന്നു. 'അദഗ്ദ്ധാ' എന്നാണെങ്കിൽ 'എരിക്കാതെ' എന്നും ആവാം.